**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2104** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇന്റർ ചെയിഞ്ചബിൾ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ സർവ്വീസിലെ ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾ എന്നാൽ എന്താണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളെ നിർവചിച്ച് ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ഇന്റർ ചെയ്ഞ്ചബിൾ തസ്തികകൾ നിർവചിച്ച് പൊതു ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ഒരു കേഡറിൽ ഉൾപ്പെടുന്നതും ഒരേ ശമ്പള സ്കെയിലിൽ സമാന യോഗ്യതയുമുള്ള തസ്തികകളെ ഇന്റർ ചെയ്ഞ്ചബിളായി പരിഗണിക്കുന്നു. |
| (ബി) | കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിലെയോ കേരള ജനറൽ സബോർഡിനേറ്റ് സർവീസിലെയോ ഏതെങ്കിലും തസ്തികകൾ ഏതെങ്കിലും സർക്കാർ വകുപ്പുകളിൽ മാത്രമുള്ള തസ്തികയുമായി ഇന്റർ ചേയ്ഞ്ചബിൾ ആക്കി ഉത്തരവുകളോ സവിശേഷാൽ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഇന്റർ ചെയ്ഞ്ചബിൾ തസ്തികകളെന്ന പൊതു നിർവചനമില്ലെങ്കിലും സമാന/തത്തുല്യ തസ്തികകളായി വിവിധ വകുപ്പുകൾ പരിഗണിക്കുന്ന ചില തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>**<u>റവന്യൂ വകുപ്പ്</u>**<br><br>1 ) വില്ലേജ് അസിസ്റ്റന്റ്/ക്ലാർക്ക് (കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്).<br><br>2 ) വില്ലേജ് ഓഫീസർ/ഹെഡ് ക്ലാർക്ക്/റവന്യൂ ഇൻസ്പെക്ടർ (കേരള റവന്യൂ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 1980).<br><br>3) ഡെപ്യൂട്ടി തഹസീൽദാർ/ജൂനിയർ സൂപ്രണ്ട്/ വാല്യുവേഷൻ അസിസ്റ്റന്റ്/ ഹെഡ് മിനിസ്റ്റീരിയൽ ഓഫീസർ (കേരള റവന്യൂ സർവ്വീസ് സ്പെഷ്യൽ റൂൾസ് 1980).<br><br>4) സീനിയർ സൂപ്രണ്ട്/തഹസീൽദാർ/ ഹസൂർ ശിരസ്തദാർ (കേരള സിവിൽ സർവീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് 1963).<br><br>**<u>ആരോഗ്യ വകുപ്പ്</u>**<br><br>1 ) സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി & ട്രഷറർ/ മാനേജർ/റ്റി.ബി. സെന്റർ ജൂനിയർ അക്കൗണ്ട്സ് ഓഫീസർ. |

| | | | |
|---|---|---|---|
| | | | 2 ) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1/ ഇവാല്യവേഷൻ അസിസ്റ്റന്റ്.<br><br>3) ഹെൽത്ത് സൂപ്പർവൈസർ/ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്1/ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 1/ മലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 1.<br><br>4) ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2/ഫൈലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 2/ മലേറിയ ഇൻസ്പെക്ടർ ഗ്രേഡ് 2.<br><br>**ചരക്ക് സേവന നികുതി വകുപ്പ്**<br><br>അസിസ്റ്റന്റ് സെയിൽസ് ടാക്സ് ഓഫീസർ, ജൂനിയർ അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഓഫീസർ, സെയിൽസ് ടാക്സ് ഇൻസ്പെക്ടർ, അഗ്രികൾച്ചറൽ ഇൻകം ടാക്സ് ഇൻസ്പെക്ടർ, ഇന്റലിജൻസ് ഇൻസ്പെക്ടർ, ചെക്ക് പോസ്റ്റ് ഇൻസ്പെക്ടർ, ജൂനിയർ സൂപ്രണ്ട്. |
| (സി) | ഒരു സ്പെഷ്യൽ റൂൾ അനുസരിച്ചും ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ഇന്റർ ചേയ്ഞ്ചബിൾ ആയി വേറെ തസ്തികകൾ ഒന്നും സ്പഷ്ടമായി പറഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ 2016-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ അനുബന്ധം 16 (d)-യിൽ ജൂനിയർ സൂപ്രണ്ടുമാർക്കും സ്പെഷ്യൽ റൂൾ അനുസരിച്ചുള്ള അതിന്റെ ഇന്റർ ചേയ്ഞ്ചബിൾ തസ്തികകൾക്കും പറഞ്ഞിരിക്കുന്ന ഹയർ ഗ്രേഡ് ആനുകൂല്യം എപ്രകാരമാണ് ജൂനിയർ സൂപ്രണ്ടുമാർ അല്ലാത്തവർക്ക് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ കോമൺ കാറ്റഗറിയിൽപ്പെട്ട ജൂനിയർ സൂപ്രണ്ട് തസ്തികയെ “Junior Superintendent and Inter-Changeable posts as per Special Rules” എന്നാണ് വിവക്ഷിച്ചിട്ടുള്ളത്. അതിനാൽ ജൂനിയർ സൂപ്രണ്ട് തസ്തികയ്ക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾക്ക് ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലുള്ളവർക്കും അർഹതയുണ്ട്. |
| (ഡി) | ഇന്റർ ചേയ്ഞ്ചബിൾ തസ്തികകളുടെ നിർവചനം സംബന്ധിച്ച അവ്യക്തത നീക്കാൻ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ